# Desire and Tragedy: An Enquiry on Basheer's Balyakalasakhi

**Dr. Deepa S S**

*Vaikom Muhammed Basheer was one among the pioneers of the spirit of Renaissance and Romanticism in Malayalam literature. The novels of Basheer have recorded accurately the life stages like love,separation, desire and tragedy. They succeeded in creating positive changes in the life of Malayalee readers. It is the writer's skill in observing human behaviour and insight that makes his works creatively supreme.Since there is the organic presence of human mind in his works it is possible to analyse and explain them in the light of psychological theories. This treatise is a psychological analysis of the presentation of desire and tragedy in Balyakalasakhi which deals with the complexities of human mind and existence.*

**Keywords:** Desire, Tragedy, Psychoanalysis Id, Ego, Super Ego.

**Reference:**

Vaikom Muhammed Basheer, (2001) *Balyakalasakhi, Basheer sampoorna krithikal,* Kottayam: DC Books.

Muraleedharan Nellickal, (1997), *Vishwa Sahitya Darsanangal*, Kottayam: DC Books.

Bharatha Muni, (1997), *Natya Shastram,* (K P Narayana Pisharody, Trans). Trissur: Kerala Sahitya Academy.

Nair M K, (1996), *Sahitya Sanga Kosam,* Kottayam: DC Books.

Rakesh Nath, (2012). *Sigmund Frued: Jeevitham, Darsanam Sambhashanam.* (Trans) Kozhikode: Olive Books.

Mohammed Ali.N M, (2011), *Freudinte Jeevitha Katha,* Kottayam: Current Books.

Peter Gay, (1995), *The Freuds Reader,* Vintage London: books.

ISSN:2582-550X

Henk de berg, (2003), *Freud's Theory and its use in Literary and Cultural Studies an introduction,* New York: Camben house.
Dylan Evans, (1996), *An introductory Dictionary of Lacanian psychoanalysis,* NewYork: Routeldge.

**Dr Deepa S S**
Assistant professor
Dept.of Malayalam
Govt.college Nedumangad
Thiruvananthapuram
India
Pin: 695541
Ph: +91 9495300344
Email: deepasouparnika@gmail.com
ORCID: 0009-0008-8719-8529

# കാമനയും ദുരന്തവും: ബാല്യകാലസഖിയെ മുൻനിർത്തിയുള്ള അന്വേഷണം

ഡോ. ദീപ. എസ്.എസ്

*മലയാളസാഹിത്യത്തിൽ നവോത്ഥാനത്തിന്റെയും കാല്പനികതയുടെയും പുതുബോധം പകർന്ന എഴുത്തുകാരനായിരുന്നു വൈക്കം മുഹമ്മദ് ബഷീർ. പ്രണയം, വിരഹം, കാമന, ദുരന്തം എന്നീ ജീവഘട്ടങ്ങൾ കൃത്യതയോടെ അടയാളപ്പെടുത്തിയവയാണ് ബഷീർ കൃതികൾ. അവ മലയാളികളുടെ ഭാവുകത്വത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തി. എഴുത്തുകാരന്റെ മനോനിരീക്ഷണപാടവവും ഉൾക്കാഴ്ചയുമാണ് കൃതികളെ സർഗ്ഗാത്മകമായി അഗാധമാക്കുന്നത്. മനസ്സ് എന്ന പ്രഹേളികയുടെ ജൈവ സാന്നിധ്യമുള്ളതുകൊണ്ട് കൃതികളെ അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും മനോവിജ്ഞാനീയ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ സാധിക്കും. മനുഷ്യാവസ്ഥകളുടെയും മനുഷ്യമനസ്സുകളുടെയും സങ്കീർണതകൾ വിശകലനം ചെയ്യുന്ന ബാല്യകാലസഖിയിലെ കാമന, ദുരന്തം എന്നിവയുടെ ആവിഷ്കാരത്തെക്കുറിച്ചുള്ള മന:ശാസ്ത്ര വിശകലനമാണ് ഈ പ്രബന്ധം.*

**താക്കോൽ വാക്കുകൾ:** കാമന, ദുരന്തം, മനോവിശകലനം, ഇദ്, ഈഗോ, സൂപ്പർ ഈഗോ,

നാടുവാഴിത്തവ്യവസ്ഥയ്ക്കെതിരെയും കൊളോണിയൽ വാഴ്ചയ്ക്കെതിരെയുമുള്ള അധ:സ്ഥിത വർഗ്ഗമുന്നേറ്റങ്ങളുടെ ചരിത്രമാണ് കേരളീയ നവോത്ഥാനം അടയാളപ്പെടുത്തിയത്. കേരള സംസ്കാരത്തിലും മലയാളസാഹിത്യത്തിലും വമ്പിച്ച മാറ്റങ്ങൾക്കിടയാക്കിയ കാലമായിരുന്നു അത്. സംഘർഷങ്ങളും സങ്കീർണ

തകളും നിറഞ്ഞ നവോത്ഥാനകാല ജീവിതം അക്കാലത്തെ എല്ലാ മികച്ച എഴുത്തുകാരുടെയും കൃതികളിലെ പ്രമേയമായിരുന്നു. വൈക്കം മുഹമ്മദ് ബഷീർ എന്ന എഴുത്തുകാരൻ കേരളത്തിന്റെ നവോത്ഥാനകാലകാഥികനും അദ്ദേഹത്തിന്റെ രചനകൾ നവോത്ഥാനകാലരചനകളുമാകുന്നത് ഈ അർത്ഥത്തിലാണ്. വരേണ്യ സമുദായം പുറത്തുനിർത്തിയ കള്ളനും വേശ്യയും കറുമ്പനും കറുമ്പിയും ബീഡിതൊഴിലാളിയുമൊക്കെ ബഷീർകൃതികളുടെ കർത്തൃസ്ഥാനത്ത് നിർദ്ദേശിക്കപ്പെട്ടു. അവരുടെ അധ:സ്ഥിതത്വത്തെയായിരുന്നു അവ അഭിസംബോധന ചെയ്തത്. മനുഷ്യജീവിതത്തിന്റെ പിന്നാക്ക അവസ്ഥയെയും ബഷീർ പ്രശ്നവൽക്കരിച്ചു. ആ മനുഷ്യബോധം ഏകപക്ഷീയമായ മൗലികവാദമായി മാറുന്നില്ലെന്നതും ശ്രദ്ധേയമാണ്. സമൂഹത്തിന്റെയും സമുദായത്തിന്റെയും ആഭ്യന്തരവൈരുദ്ധ്യങ്ങളിൽ നിന്ന് ജനജീവിതത്തിന്റെ കീഴാളഅവസ്ഥയെ കണ്ടെത്തുന്നതോടൊപ്പം തന്നെ ദേശീയപൊതുധാരയോടൊപ്പം സമൂഹങ്ങൾ കണ്ണിചേർക്കപ്പെടണം എന്ന ആശയം പങ്കുവയ്ക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്. നിത്യപരിചിതലോകവും മനുഷ്യരുമാണ് ബഷീർരചനയുടെ ഉപാദാനസാമഗ്രികൾ. പരിചിതലോക ത്തെയും മനുഷ്യരെയും സൂക്ഷ്മദർശനം ചെയ്ത് അവർ പ്രതിനിധാനം ചെയ്ത ജീവിതത്തിന്റെ ആന്തരികവൈരുദ്ധ്യങ്ങളെ യഥാതഥമായി ആവിഷ്കരിക്കുകയായിരുന്നു അദ്ദേഹം. സമൂഹം തന്നെയായിരുന്നു ബഷീറിന്റെ കഥപറച്ചിലിന്റെ ഭൂമിക. സമൂഹത്തിലേക്ക് തുറന്നുവച്ച കണ്ണുകളാണ് അദ്ദേഹത്തിനെ വേറിട്ട എഴുത്തുകാരനാക്കുന്നത്. ആത്മവിഷ്കാരത്തിന്റെ സന്തതിയാണ് സാഹിത്യം. ആത്മസംഘർഷത്തിന്റെ വേദനയില്ലാതെ ഒരു സാഹിത്യസൃഷ്ടിയും മനുഷ്യഗന്ധിയാവില്ല. അബോധ മനസ്സിന്റെ സ്പർശം സാഹിത്യത്തെ ശ്രേഷ്ഠമാക്കുന്നു. എഴുത്തുകാരന്റെ ജീവിതവും അനുഭവങ്ങളും ഭാവനയും ഓർമ്മകളുമാണ് അസംസ്കൃത വസ്തു. ജീവിതത്തോടുള്ള അഭിനിവേശവും നായകന്മാരെ സാധാരണക്കാരായി അവതരിപ്പിക്കാനുള്ള ശ്രമവും ബഷീർകൃതികളുടെ പ്രത്യേകതയായിരുന്നു. സ്വാഭാവികജീവിതസന്ദർഭങ്ങളെ സാഹിത്യത്തിലേക്ക് ആവാഹിച്ചു കൊണ്ടുവരുന്നതിനുള്ള അദ്ദേഹത്തിന്റെ മികവ് ആ കൃതികളെ ജനപ്രിയങ്ങളാക്കി. ഗ്രാമീണരും നിഷ്കളങ്കരും സ്നേഹസമ്പന്നരും തുടങ്ങി സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന സാധാരണജീവിതങ്ങൾ ബഷീർ തന്റെ കൃതികളിലൂടെ ആവിഷ്കരിച്ചു.

**സാഹിത്യവും മനോവിജ്ഞാനീയവും**

മനസ്സിന്റെ അപഗ്രഥനത്തിലൂടെ, വ്യാഖ്യാനത്തിലൂടെ മനസ്സിന്റെ നിഗൂഢതകളും രഹസ്യങ്ങളും പുറത്തുകൊണ്ടുവരാൻ കഴിയുന്ന ശാസ്ത്രീയ വിശകലനമാണ് മനഃശാസ്ത്രം (psychology). നവീന മനഃശാസ്ത്രത്തിന്റെ പിതാവായറിയപ്പെടുന്ന വിൽഹെം വുണ്ട് (Wilhelm Wunt, 1832-1920) ശരീരശാസ്ത്രപരമായ മനഃശാസ്ത്രതത്ത്വങ്ങൾ (Principles of Physiological Psychology) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചതോടെയാണ്, സൈക്കോളജി ഒരുശാസ്ത്രശാഖയെന്നനിലയിൽ അംഗീകരിക്കപ്പെട്ടത്. മനസ്സിന്റെ ബോധതലത്തെയും, അതിന്റെ നിയന്ത്രണത്തിന് വിധേയമാകാത്തതും സങ്കീർണ്ണഘടനയോടു കൂടിയതുമായ ഉപബോധതലത്തെയും കുറിച്ചുള്ള ഫ്രോയ്ഡിന്റെ കണ്ടെത്തലുകൾ ഈ ശാസ്ത്രശാഖയുടെ പ്രസക്തി വർദ്ധിപ്പിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉദയം കൊണ്ടതും സാഹിത്യനിരൂപണത്തെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുമുള്ള മേഖലയാണ് മനഃശാസ്ത്രാപഗ്രഥന വിമർശനം അഥവാ മനോവിജ്ഞാനീയ വിമർശനം. ആധുനിക ബോധത്തിലേക്ക് മനുഷ്യരെ നയിച്ച ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്ത പദ്ധതിക്ക് സാഹിത്യത്തിൽ ആഴത്തിലുള്ള വേരോട്ടം ഉണ്ടായി. തുടർന്ന് യുങ്, ലക്കാൻ, ആഡ്ലർ തുടങ്ങിയവരുടെ സങ്കൽപ്പനങ്ങൾ സാഹിത്യം പ്രയോഗികതലത്തിൽ ഉപയോഗിച്ച് തുടങ്ങി. മനോവിജ്ഞാനീയ രംഗത്ത് ഫ്രോയിഡ് ആവിഷ്കരിച്ച ചിന്താധാരകൾ സർഗ്ഗാത്മക രചനയേയും സാഹിത്യ സിദ്ധാന്തത്തേയും വലിയ അളവിൽ സ്വാധീനിച്ചു. സ്വപ്നങ്ങളുടെ വ്യാഖ്യാനം (The Interpretation of dreams) എന്ന പുസ്തകത്തിൽ മനസ്സിന്റെ വിവിധതലങ്ങളെ ഫ്രോയ്ഡ് വിശദമാക്കുന്നുണ്ട്. അബോധം (Unconscious) പൂർവ്വബോധം (pre-conscious) ഉപരിബോധം (subconscious) എന്നിങ്ങനെ മൂന്ന് അറകൾ മനസ്സിലുണ്ടെന്നും, അവ യഥാക്രമം ഇദ്ദ്(Id), ഈഗോ (Ego), സൂപ്പർഈഗോ (super Ego) എന്നീ മാനസികശക്തികൾക്ക് അധീനമായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. മനസ്സിന്റെ മൂന്ന് ശക്തികളിൽ സൂപ്പർഈഗോയുടെ സാക്ഷാത്കാരത്തിനായുള്ള യത്നത്തിൽ ബോധമണ്ഡലത്തിന് അബോധമണ്ഡലത്തിലെ പ്രേരണകൾ വിഘ്നമായിത്തീരുന്നു. അബോധമനസ്സിന്റെ പ്രേരണകളിൽനിന്ന് മുക്തി നേടാൻ അതിനെ അമർത്തി കളയുകയോ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ പ്രകാശിപ്പിക്കുകയോ ചെയ്യുന്നു. പാശ്ചാത്യചിന്തയ്ക്ക് ഫ്രോയിഡ് നൽകിയ മികച്ച സംഭാവനങ്ങളിൽ ഒന്നാണ് അബോധം എന്ന കാഴ്ചപ്പാട്. മനസ്സിന്റെ ഏറ്റവും വലിയ ഭാഗമാണിത് ആഗ്രഹങ്ങളുടെയും

സ്മരണകളുടെയും ഉറവിടമാണിത്. വ്യക്തി അനുഭവിച്ച ദുരന്തങ്ങൾ, മാനസിക മുറിവുകൾ അബോധത്തിലാണ് സൂക്ഷിക്കുക. അബോധം എല്ലാവിധ പ്രചോദനങ്ങളുടെയും കേന്ദ്രമാണ്. ഈയൊരു പ്രചോദനത്തെ ബോധംകൊണ്ട് നിഷേധിക്കുകയും തടയുകയോ ചെയ്താലും മറ്റൊരു രൂപത്തിൽ മനസ്സി ലേക്ക് തന്നെ തിരിച്ചു വരും. ഇത്തരത്തിൽ അടിച്ചമർത്തപ്പെട്ട പ്രേരണകളാണ് കലാവ്യാ പാരമായും കലാസൃഷ്ടികളായും പ്രത്യക്ഷപ്പെട്ട് മനസ്സിനെ, ജീവിതത്തെ സംതൃപ്തമാക്കുന്നത് എന്നാണ് ഫ്രോയ്ഡിന്റെ അഭിപ്രായം. ഫ്രോയ്ഡിന്റെ ശിഷ്യനായ യുങിന്റെ വീക്ഷണത്തിൽ മനസ്സിന്റെ അബോധതലം മൃഗീയവും അസാമൂഹികവുമായ വാസനകളുടെ കലവറയല്ല. മറിച്ച്, ബോധതലത്തിന്റെ ഉല്പത്തിയും നിലനിൽപ്പും അബോധതലത്തിന്റെ അടിസ്ഥാനത്തിലാണ്. ബോധാബോധതലങ്ങളെ മൊത്തത്തിൽ 'സൈക്ക്'എന്ന് അദ്ദേഹം പറയുന്നു. സൈക്കിന്റെ ചൈതന്യത്തിന് 'ലിബിഡോ' എന്ന നാമകരണം ചെയ്യുന്നു. ലിബിഡോയുടെ അഭിലാഷങ്ങൾ നിർവഹിക്കപ്പെടാതെ വരുമ്പോൾ മനസ്സ് രോഗഗ്രസ്തമാകുന്നു. ഒരു വ്യക്തിയിൽ ബോധാബോധമനസ്സുകൾക്ക് പുറമേ ശക്തമായ സ്വാധീനം ചെലുത്തുന്ന സമൂഹാവബോധമനസ്സ് കൂടിയുണ്ടെന്ന് വ്യക്തമാക്കുന്നു. ഓരോരുത്തരുടെയും സഹജവാസന അനുസരി ച്ചുള്ള പ്രവർത്തനത്തിൽ നിന്ന് അതിന്റെ സാന്നിധ്യം മനസ്സിലാ ക്കാം. യുങിന്റെ സ്വപ്നവ്യാഖ്യാനവും ആഡ്ലറുടെ അപകർഷതാ ബോധത്തെക്കുറിച്ചുള്ള വ്യാഖ്യാനവും മനശ്ശാസ്ത്രത്തിന്റെ മുഖ്യ നേട്ടങ്ങളാണ്. ആഡ്ലറുടെ സിദ്ധാന്തം അഹന്തക്കും (ego) സാമൂഹികമായ കാര്യങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. എഴുത്തുകാരുടെയും കഥാപാത്രങ്ങളുടെയും മനസ്സഞ്ചാരത്തെയും സാഹിത്യാസ്വാദനത്തെയും പഠിക്കുവാൻ ഈ തത്ത്വങ്ങൾ ഉപയോഗിക്കപ്പെട്ടു. ബാല്യകാലസഖി എന്ന നോവലിലെ അന്തഃ സംഘർഷങ്ങൾ മനോവിജ്ഞാനീയവിമർശനത്തിന്റെ സിദ്ധാന്ത ങ്ങൾ ഉപയോഗിച്ച് ഇവിടെ വിശകലനവിധേയമാക്കുന്നു.

**കാമനയും ദുരന്തവും മനോവിശകലനവും**

മനുഷ്യന്റെ എല്ലാത്തരത്തിലുമുള്ള ആഗ്രഹങ്ങളെയുമാണ് കാമന (Desire/wish) എന്ന് വിവക്ഷിക്കുന്നത്. സിഗ്മണ്ട് ഫ്രോയ്ഡി ന്റെ അഭിപ്രായത്തിൽ മനുഷ്യനെ നയിക്കുന്നത് കാമന (wish) കളാണ്. ജീവചോദന തന്നെയാണ് ഫ്രോയ്ഡിന് കാമന. ബോധപൂർവ്വം എന്ന് കരുതപ്പെടുന്ന മനുഷ്യന്റെ പ്രവർത്തികൾക്ക് പിന്നിൽ അബോധപരമായ പ്രേരണകൾ ഉണ്ട് എന്ന ഫ്രോയിഡിന്റെ

നിഗമനം ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യന്റെ ആത്മബോധപരമായ അന്വേഷണങ്ങളെ ആഴത്തിൽ സ്വാധീനിച്ചു[1]. അബോധമനസ്സിൽ അമർത്തപ്പെട്ട ആഗ്രഹങ്ങളുടെ (കാമന) അഥവാ അനുഭവങ്ങളുടെ വിശകലനമാണ് മനോവിശകലനം (Psycho analysis). ഇദ് ജൈവികവും ഈഗോ വൈയക്തികവും സൂപ്പർ ഈഗോ സാമൂഹികവുമായ ഘടകങ്ങളെയാണ് നിയന്ത്രിക്കുന്നത്. അബോധ ത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ഇദ് പ്രതീകവല്ക്കരിക്കാൻ ആവാത്തതും എന്നാൽ നിരന്തരം ആവിഷ്കാരത്തിനായി കൊതിക്കുന്നതും ആണ്. സഹജ വാസനകളുടെ ഇരിപ്പിടവും ലൈം ഗികവും ആക്രമികവുമായ ചിന്തകളുടെ കൂമ്പാരവുമായ ഇദിനെ കാമന (wish)യെന്ന് ഫ്രോയ്ഡ് വിളിക്കുന്നു. കാമന എങ്ങനെയും സാക്ഷാത്കരിക്കാനുള്ള വ്യഗ്രത ഇദിലുണ്ട്. കാമനാ പൂർത്തിയി ലൂടെ ഇദിലുണ്ടാകുന്ന സംതൃപ്തി വ്യക്തിക്ക് അനുഭവപ്പെടണ മെന്നില്ല. ഇദ് ആനന്ദത്തെ മാത്രം മുന്നിൽ കാണുമ്പോൾ ഈഗോ യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നു.വ്യക്തി പക്വത നേടും തോറും ഇദിന്റെ കുറച്ചുഭാഗം ഈഗോയായി മാറുന്നു. ബോധത്തെ പുറം ലോകവുമായി ബന്ധിപ്പിക്കുന്നതിന്റെ ഫലമാണിത്. വ്യക്തി യാഥാർത്ഥ്യവുമായി ബന്ധപ്പെടാൻ ശ്രമിക്കും. വ്യക്തിയുടെ ആവശ്യങ്ങളെ മുൻനിർത്തി ഇദ് സൃഷ്ടിക്കുന്ന ആഗ്രഹങ്ങളെ പൂർത്തീകരിക്കാൻ ഈഗോ സാധ്യമായ വഴികൾ തേടുന്നു. ഇദിനെയും വ്യക്തിയെയും സന്തോഷിപ്പിക്കാൻ ഈഗോ പരിശ്രമി ക്കുന്നു. മൂല്യങ്ങളും ആദർശങ്ങളും കുറ്റബോധവും എല്ലാം സൂപ്പർ ഈഗോയുടെ ഭാഗമാണ്. ഇദ് സൃഷ്ടിക്കുന്ന കാമനകളെ ഈഗോ യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുമ്പോൾ ബോധത്തിന്റെ ഭാഗമായ സൂപ്പർഈഗോ അതിനെ മൂല്യങ്ങളുടെ പേരിൽ നിയന്ത്രിക്കുന്നു. ലക്കാന് കാമന അപരത്തിന്റെ കാമനയാണ്. (Desire is the Desire of the other)[2]. അപരത്തിന്റെ വ്യവസ്ഥയ്ക്കനുസരിച്ചാണ് കാമന നയിക്കപ്പെടുന്നത്. അപരത്താൽ മാധ്യസ്ഥീകരിക്കുന്ന ഒന്നായി കാമന മാറുന്നു. ആവശ്യവും (need) ആവശ്യപ്പെടലും (Demand) ഒഴിഞ്ഞുള്ള മണ്ഡലമാണ് കാമന(Desire). ഒരു വസ്തുവിനാലും ഒരു അംഗീകാരത്തിനാലും തൃപ്തി വരാനാവാത്ത ആഗ്രഹങ്ങളുടെ വലിയ മണ്ഡലമാണത്. കാമനയിലാണ് മനുഷ്യാവസ്ഥയുടെ എല്ലാ സങ്കീർണ്ണതകളും കിടക്കുന്നത്. ആവശ്യത്തിൽനിന്ന് ആവശ്യപ്പെടലി ലേക്കും കാമനയിലേക്കുമുള്ള വളർച്ച യാഥാർത്ഥ്യത്തിൽ നിന്ന് ബിംബപരത യിലേക്കും പ്രതീകത്തിലേക്കുമുള്ള വളർച്ചയാണ്.

മനുഷ്യജീവിതലക്ഷ്യം തന്നെ കാമനയെ സഫലീകരിക്കുക

എന്നതാണ്. വിധി, വ്യക്തിയുടെ ദൗർബല്യങ്ങൾ തുടങ്ങി പലവിധ സാഹചര്യങ്ങളാൽ കാമനകൾ സഫലമാകാതെ പോകുന്നു. ഇത് വ്യക്തിയെ സംഘർഷത്തിലേക്ക് നയിക്കുകയും, പതനത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഒരു മനുഷ്യന്റെ ഇത്തരത്തിലുള്ള വീഴ്ചയെയാണ് ദുരന്തം എന്ന് പറയുന്നത്. മനുഷ്യന് ഉത്തരം നൽകാനാവാത്ത വ്യഥ നിറഞ്ഞ ചോദ്യങ്ങളടങ്ങുന്ന ഒരു ലോകമായി ദുരന്തത്തെ നിർവചിക്കാനാവും. എല്ലാത്തരം ദുരന്തദർശനങ്ങൾക്കും പൊതുവായി ഒരു ലക്ഷണമുണ്ട്[3]. അവയെല്ലാം മനുഷ്യനും അവന്റെ സാമൂഹ്യവും ആത്മീയവുമായ ലോകവും തമ്മിലുള്ള ബന്ധത്തിന്റെ അഗാധമായൊരു പ്രതിസന്ധിയെ പ്രകാശിപ്പിക്കുന്നു. ദുരന്തത്തെകുറിച്ചുള്ള അവബോധത്തെയാണ് ദുരന്താവബോധം എന്ന് വിവക്ഷിക്കുന്നത്. മനുഷ്യന്റെ ജീവിതത്തിൽ വിധിയുടെ സ്ഥാനം ഫ്രോയിഡിയർ ദർശനം മുന്നോട്ടുവച്ചു. മനുഷ്യന്റെ ഉപബോധമനസ്സിൽ പതിയിരിക്കുന്ന ഇരുണ്ട വാസനകളിൽ ശ്രദ്ധപതിപ്പിച്ച വഴി ഫ്രോയ്ഡിയൻ മനോവിജ്ഞാനം ദുരന്തത്തെ കുറിച്ചുള്ള സങ്കല്പത്തിന് പുതിയൊരുമാനം നൽകുകയുണ്ടായി. മനുഷ്യന്റെ അടിമനസ്സിലെ കോംപ്ലക്സുകളാണ് അവന്റെ ഭാഗധേയും നിർണയിക്കുന്നത് എന്ന ഫ്രോയിഡിയൻ ചിന്ത സാഹിത്യത്തെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി[4]. സംസ്കാരം അടിച്ചേൽപ്പിക്കുന്ന കൃത്രിമമായ വിലക്കുകൾ തകർത്തുകൊണ്ട് യുക്തിവിരുദ്ധവും ആദിമവും ആയ അനുഭവമേഖലകളിലേക്ക് കൂപ്പുകുത്താൻ ഉള്ള അഭിലാഷം അവന്റെ ആത്മനാശത്തിലേക്കും ദുരന്തത്തിലേക്കും നയിക്കും. മനുഷ്യന്റെ ഉള്ളിൽ കുടികൊള്ളുന്ന ഇരുണ്ട വാസനകളുടെ ഭൂഖണ്ഡം അതായത് അബോധത്തെ തുറന്നുവയ്ക്കുകയാണ് ഫ്രോയിഡ് ചെയ്തത്. ദുരന്തനോവലായ ബാല്യകാലസഖിയിലെ നായികയും നായകനുമായ സുഹറയും മജീദും മലയാളസാഹിത്യത്തിലെ ദുരന്തംപേറും കഥാപാത്രങ്ങളായി കടന്നുപോകുന്ന പീഡാനുഭവത്തിന്റെ കാരണങ്ങളെക്കുറിച്ചും ദുരന്തദർശനത്തെക്കുറിച്ചും വിലയിരുത്തുകയാണ് ഈ പ്രബന്ധത്തിൽ.

**ബാല്യകാലസഖിയിലെ ദുരന്തദർശനം**

നവോത്ഥാന കാലഘട്ടത്തിൽ ദുരന്തസങ്കല്പം പൂർണ്ണത തേടുന്ന നായികാനായകന്മാരെ സൃഷ്ടിച്ചത് ബഷീറാണ്. അദ്ദേഹത്തിന്റെ നോവലായ ബാല്യകാലസഖി ആസ്വാദകരിൽ അനുകമ്പയും കരുണയും സൃഷ്ടിക്കുകയും അനശ്വരമെന്ന് പരാമർശിക്കപ്പെടുകയും ചെയ്തു. പ്രാപഞ്ചികപശ്ചാത്തല ത്തിൽ മനുഷ്യൻ എല്ലാ

നന്മ തിന്മകളോടും കൂടി ഈ നോവലിൽ അവതരിപ്പിക്കപ്പെട്ടു. അവസാനം നായിക (സുഹറാ)യുടെ മരണം അനിവാര്യമായിരുന്നു. അതിനുമുമ്പ് അവൾ പുതിയ ജീവിതാബോധവും മഹത്വവും കൈവരിച്ചു കഴിഞ്ഞിരുന്നു. നോവലിലെ കഥാപാത്രങ്ങൾ ഒറ്റപ്പെട്ട വരല്ല. മനുഷ്യബന്ധങ്ങളുടെ പശ്ചാത്തലത്തിൽ അവരുടെ ദുരന്തം താനേ ഉരുത്തിരിയുകയാണ്. അവരുടെ പ്രവൃത്തികൾ ആസ്വാദ കരിൽ സഹതാപം ഉണർത്താൻ തികച്ചും പര്യാപ്തമാണ്. ഇങ്ങനെ ബാല്യകാലസഖിയിൽ വിധിവൈപ രീത്യത്തിന് സ്ഥാനമുണ്ടെ ങ്കിലും വ്യക്തിയുടെ സ്വഭാവമാണ് നിർണ്ണായകഘടകമായിട്ടുള്ളത്. കുലീനനും ഉന്നത സ്ഥാനീയനും വിശേഷഗുണസമ്പന്നനുമായ നായകൻ മർമ്മസ്പർശിയായ സാമൂഹിക പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോൾ തന്റെ ജീവിതത്തിൽ വിധി ഏൽപ്പിച്ച വൈകല്യവും ദൗർബല്യവും ഹേതുവായി പരാജയപ്പെടുന്നതും ആ ദുരവസ്ഥയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്നത് കാണാം. അവസാനം നായികയുടെ മരണത്തിൽ അതായത് സുഹറായുടെ മരണത്തിൽ സ്വസ്ഥത നഷ്ടപ്പെടുന്നതുമാണ് ബാല്യകാലസഖിയുടെ ഇതിവൃത്തത്തിന്റെ രേഖാരൂപം.

ബഷീർ നോവലിൽ പരമ പ്രാധാന്യം നൽകിയത് ഇതിവൃത്തത്തിനാണ്. കാരണം മനുഷ്യ ജീവിതത്തിന്റെയും പ്രവർത്തിയുടെയും സുഖദുഃഖങ്ങളുടെയും അനുകരണമാണ് നോവലിലെ ഇതിവൃത്തം എന്നത് തന്നെയാണ്. കഥാപാത്രത്തിന് ഇതിവൃത്തകല്പനയിൽ പ്രധാന കണ്ണി എന്ന സ്ഥാനമുണ്ട്. കഥാപാ ത്രങ്ങൾ സദ്ഗുണസമ്പൂർണ്ണരോ ദുർഗുണങ്ങളുടെ മൂർത്തിമത് ഭാവമോ ആയിരിക്കാൻ പാടില്ല. ബാല്യകാലസഖിയിലെ പ്രധാനക ഥാപാത്രങ്ങളായ മജീദും സുഹറായും ശ്രേഷ്ഠസ്വഭാവമുള്ളവരും ദുർബലതകളുള്ളവരുമായിരുന്നു. ആസ്വാദകമനസ്സിൽ താദാത്മ്യം പ്രാപിക്കാൻ അവർക്ക് കഴിഞ്ഞത് അതുകൊണ്ടാണ്. മനുഷ്യൻ നല്ലവനായി ജനിക്കുന്നു. വളരുംതോറും തിന്മയിലേക്ക് ചരിക്കുന്നു എന്ന തത്വം കലാത്മകമായി ബഷീർ ബാല്യകാലസഖിയിൽ അവതരിപ്പിക്കുന്നു. അടയ്ക്കാക്കച്ചവടക്കാരനായ ബാപ്പ മരിച്ചത് കാരണം കുട്ടിക്കാലത്ത് പട്ടണത്തിലെ സ്കൂളിൽ പോയി പഠിക്കാൻ സാധിക്കാത്ത സുഹറായുടെ സങ്കടം കണ്ട് അവളെ കൂടി പഠിപ്പിക്കാൻ ബാപ്പയോടും ഉമ്മയോടും മജീദ് ആവശ്യപ്പെടുന്നു. പണക്കാരായ നമുക്ക് സുഹറായെ പഠിപ്പിച്ചു കൂടേ എന്ന് ചോദി ക്കാനുള്ള തന്റേടം കാണിക്കുന്നുണ്ട്. എന്നാൽ വളരെ താമസിക്കാ തെ തന്നെ ബാപ്പ തല്ലുകയും വഴക്കു പറയുകയും ചെയ്തതിന്റെ

പേരിൽ മജീദ് നാടും വീടും ഉപേക്ഷിച്ച് ദേശാടനത്തിന് ഇറങ്ങിപ്പുറപ്പെടുകയാണ്. ബഷീർ സൃഷ്ടിക്കുന്ന കഥാപാത്രങ്ങൾ നന്മയുടെ പ്രതിരൂപങ്ങളോ അതിമാനുഷ്യരോ അല്ല വെറും സാധാരണ മനുഷ്യരാണ്. തെറ്റുകൾ ചെയ്യുന്നവർ, എന്നിട്ടും വായനക്കാർ അവരെ വെറുക്കുന്നില്ല. പാത്രസൃഷ്ടിയിൽ പ്രകടമാകുന്ന സൂക്ഷ്മതയാണ് അതിനു നിദാനമായിട്ടുള്ളത്. നോവലിലെ നായികാ നായക സങ്കല്പത്തിൽ മഹത്തായ ഒരു ഘട്ടമാണ് ബഷീർ കൃതികൾ പ്രതിനിധാനം ചെയ്യുന്നത്.ബാല്യകാലസഖി എന്ന ദുരന്ത നോവലിന്റെ ആസ്വാദനത്തിൽ നിന്നുണ്ടാകുന്ന രസം (വിരേചനം, വിമലീകരണം) വേദന കലർന്നതല്ല. വിരേചന ത്തിലൂടെ വേദന പുറന്തള്ളപ്പെടുകയും തുടർന്ന് ഭൗതികമായ ഒരു സുഖാനുഭൂതിയായി പരിണമിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ഉള്ളിൽ അടിച്ചമർത്തിയ വികാരങ്ങളെയും വേദനകളെയും നിയന്ത്രിതമായ തോതിൽ തുറന്നു വിടേണ്ടത് മാനസികവും ശാരീരികവുമായ ഒരാവശ്യമാണ്. ഇത്തരം ഒരു നിർഗമനമാർഗ്ഗമാണ് ദുരന്തദർശനത്തിലൂടെ സാധ്യമാകുന്നത്. നാട്യശാസ്ത്രത്തിലെ വിഭാവ അനുഭാവസഞ്ചാരിഭാവങ്ങളിലൂടെ ഉളവാകുന്ന കരുണം എന്ന രസത്തെക്കുറിച്ച് ഭരതൻ പറയുന്നുണ്ട്. കരുണത്തിന്റെ വകഭേദങ്ങളിൽ ഒന്നായി ദുരന്തത്തെ കാണുന്നുമുണ്ട്. നാടകവുമായി ബന്ധിപ്പിച്ചാണ് ഭരതനും അരിസ്റ്റോട്ടിലും വികാരസൃഷ്ടിയെ പ്പറ്റിയും രസോല്പാദനത്തെപറ്റിയും വിലയിരുത്തിയത്. എന്നാലിന്ന് നാടകത്തേക്കാൾ തീവ്രമായ വികാരങ്ങൾ വിനിമയം ചെയ്യാൻ കഴിയുന്ന കലാരൂപമായി നോവൽ മാറിയിട്ടുണ്ട്. നാടകത്തിലെ അഭിനേതാ ക്കളിൽനിന്നും സഞ്ചരിച്ച് പ്രേക്ഷകനിലേക്ക് എത്തുന്ന വികാരത്തിന്റെ സ്ഥാനമാണ് നോവലിലെ കഥാപാത്രങ്ങളിൽനിന്ന് ആസ്വാദനത്തിലേക്ക് സംക്രമിച്ചെത്തുന്ന വികാരത്തിനുള്ളത്. ഓരോ നോവലും ആസ്വാദകരിൽ സൃഷ്ടിക്കുന്ന രസത്തിന്റെ തോത് ഓരോന്നായിരിക്കും. വിപുലമായ പശ്ചാത്തലങ്ങളെയും കഥാപാത്രങ്ങളെയും തീക്ഷ്ണതയോടെ അവതരിപ്പിക്കാൻ നോവലിന്റെ ആഖ്യാനത്തിന് അനായാസം കഴിയുന്നു. അതുകൊണ്ടു തന്നെ നോവലിന് വിവിധ രസങ്ങളെ കൂടുതൽ തീക്ഷ്ണവും ശക്തവുമായി ആസ്വാദകരിലെത്തിക്കാൻ സാധിക്കുന്നു.

സാമൂഹ്യപ്രക്രിയകൾ കഥാനായകനറിയാതെ അയാളുടെ പ്രവൃത്തിയെയും മനോവത്തെയും സ്വാധീനിക്കുകയും അയാളെ ദുരന്തത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഒരു എഴുത്തുകാരൻ തന്റെ നോവലിലെ കഥാപാത്രങ്ങളിലൂടെ ലോകത്തെ നോക്കിക്കാ

ണുന്ന രീതിയെ ആസ്പദമാക്കി നടത്തുന്ന വ്യാഖ്യാനത്തിലോ വിലയിരുത്തലിലോ കവിഞ്ഞ മറ്റൊന്നുമല്ല ദുരന്തദർശനം.

മജീദിന് നേരിടേണ്ടി വരുന്ന ചോദ്യങ്ങൾ പലതാണ്. കടബാധ്യതയിലും പട്ടിണിയിലും ദാരിദ്ര്യത്തിലും മുങ്ങിപ്പോയ കുടുംബത്തെ സംരക്ഷിക്കുക, കെട്ടുപ്രായം കഴിഞ്ഞ സഹോദരി മാരെ കല്യാണം കഴിപ്പിച്ചു കൊടുക്കുക, ഭർത്താവിനെ ഉപേക്ഷിച്ച് വീട്ടിൽ വന്ന് നിൽക്കുന്ന തന്റെ പ്രണയിനിയെ വിവാഹം കഴിക്കുക. ഇത്തരം പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോടി സ്വന്തം കാമനകൾ നിറവേറ്റാൻ ആത്മാഭി മാനമുള്ള ഏതു വ്യക്തിക്ക് സാധിക്കും. ഇതിവൃത്തം കൊണ്ടും കഥാപാത്രത്തിൽ സംഭവിക്കുന്ന സ്ഥിതി വിപര്യയം കൊണ്ടും, അതായത് ജീവിതത്തിന്റെ ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്കുള്ള ക്രിയാപരിവർത്തനമാണ് അയാൾക്ക് സംഭവിക്കുന്നത്. മജീദ് എന്ന കഥാപാത്രം നിഷ്കളങ്കവും സൗമ്യവു മായ വ്യക്തിത്വത്തിൽനിന്ന് ആകസ്മികമായി ചായക്കടയിൽ എച്ചിൽ പാത്രങ്ങൾ കഴുകുന്ന ഒരു കാലില്ലാത്തവനായി തീരുന്നു. എന്നാൽ തനിക്കൊരിക്കലും പഴയ ജീവിതത്തിലേക്ക് മടങ്ങി പോകാനാ കാത്ത വിധം വലിയൊരു കുരുക്കിൽ അകപ്പെട്ടു പോകുന്നു. അങ്ങനെ മജീദ് തികഞ്ഞ ഒരു ദുരന്ത കഥാപാത്രമായി ത്തീരുകയാണ്.

സുഹറായെ, അവളുടെ പ്രണയത്തെ ഉപേക്ഷിച്ച് കുട്ടിക്കാലത്ത് നാടുവിട്ടുപോയ മജീദ് തിരിച്ചു വന്നപ്പോൾ ഇറച്ചി വെട്ടുകാരന്റെ രണ്ടാം ഭാര്യയായി വേദനിച്ചു ജീവിക്കേണ്ടി വന്ന സുഹറായെയും അവളുടെ പ്രണയത്തെയും സ്വീകരിക്കാൻ തയ്യാറാവുന്നു. താൻ നാടുവിട്ടത് മൂലം മറ്റൊരാളുടെ ഭാര്യയായി ചവിട്ടും തൊഴിയും സഹിക്കേണ്ടി വന്ന അവളുടെ ഹൃദയം കാണാനുള്ള മനസ്സും അവളെ ദുഃഖത്തിൽനിന്നും കരകയറ്റാനുള്ള ശ്രമവും അബോധമനസ്സിൽ രൂഢമൂലയിട്ടുണ്ട്. പക്ഷേ, അയാൾക്ക് അതിനൊന്നും കഴിയുന്നില്ല. എത്ര നന്നായാലും താൻ സ്നേഹിക്കു ന്നവരോട് ആത്മാർത്ഥ പുലർ ത്തിയാലും കുടുംബവും സമൂഹവും കൽപ്പിച്ചു തന്ന ബാധ്യതകൾനിന്നും അയാൾക്ക് പുറത്തുകടക്കാൻ കഴിയുന്നില്ല. വീണ്ടും ജോലി അന്വേഷിച്ച് പട്ടണത്തിലേക്ക് തിരിച്ചു പോകുന്ന കഥാപാത്രമായി മജീദ് മാറുമ്പോൾ ദുരന്തത്തിന്റെ ആക്കം കൂടുക മാത്രമാണ് ചെയ്യുന്നത്.

ജീവിതാനുഭവങ്ങളാണ് ബാല്യകാലസഖിയുടെ സത്ത. സമൂഹത്തിന്റെ രണ്ടു തട്ടുകളിൽ (പണ ക്കാരൻ, പാവപ്പെട്ടവൻ)

ജീവിതമാരംഭിച്ച മജീദിന്റെയും സുഹറായുടെയും പ്രണയത്തി ന്റെയും ജീവിതത്തിന്റെയും തകർച്ചയാണ് ബാല്യകാലസഖി കൈകാര്യം ചെയ്യുന്നത്. മജീദ് കുട്ടിക്കാലത്ത് കാണുന്ന സ്വപ്നം അവന്റെ മാത്രം സ്വപ്നമായിരുന്നില്ല അവളുടേതും ആയിരുന്നു. 'മജീദിന്റെ സ്വപ്നങ്ങൾ അതുല്യങ്ങളാണ്; തങ്ക വെളിച്ചത്തിൽ മുങ്ങിയ ഒരു സുന്ദരലോകം. അതിന്റെ ഏകച്ഛത്രാധിപതിയായ സുൽത്താൻ മജീദാണെങ്കിലും, അതിലെ പട്ടമഹിഷിയായ രാജകുമാരി സുഹറയാണ്'.... 'ഭാവനയുടെ അടിമയാണ് മജീദ്. ഭാവിയിൽ ബാപ്പ പറഞ്ഞു കേട്ടിട്ടുള്ള അറബിക്കഥയിലെ മാതിരി അത്യുന്നതമായ ഒരു മണിമാളിക അവൻ പണിയിക്കും. അതിന്റെ ഭിത്തികളെല്ലാം സ്വർണ്ണമാണ്. തനി മാണിക്കക്കല്ലുകളാണ് അതിന്റെ തിണ്ണ"[5]..... 'പൊൻമാളിയ കുന്നിന്റെ മൊകളിലാ' അങ്ങനെ ആയാൽ ഗ്രാമം മുഴുവനും കാണാം തന്നെയുമല്ല രണ്ടു നദികൾ ഒന്നായി ച്ചേർന്ന് വലിയൊരു നദിയായി ഒഴുകിപ്പോകുന്നതും വളരെ ദൂരം വരെ കാണാം. ... അവിടെ മജീദ് ഉണ്ടാക്കാൻ പോകുന്ന തങ്കമാളിക അത്ഭുതകരമായിരിക്കും.'[6] സുഹറാ ആ മാളികയിൽ മജീദിനൊപ്പം രാജകുമാരിയായി ജീവിക്കാനായിരുന്നു സ്വപ്നം കണ്ടത്. സ്വന്തം സ്വപ്നങ്ങളും വികാരങ്ങളും അടക്കിവെച്ച് കുടുംബത്തിനുവേണ്ടി ജീവിച്ച സുഹറാ ഒടുവിൽ ഒറ്റപ്പെട്ടു പോകുന്നു. രണ്ടാമതും മജീദ് അവളെ ഉപേക്ഷിച്ചു പോകുന്നുവെന്നറിയുമ്പോൾ മജീദിന്റെ ചെയ്തിയിൽ മനം നൊന്ത അവൾ മജീദിനോട് പറയാൻ ബാക്കി വച്ചത് എന്തായിരുന്നു '.... മജീദ് യാത്ര പറഞ്ഞ് ഇറങ്ങാൻ തുടങ്ങുകയായിരുന്നു. സുഹറാ എന്തോ പറയുവാൻ ആരംഭിച്ചു. മുഴുമിക്കുന്നതിനു മുമ്പ് ബസ്സിന്റെ ഹോൺ തുരുതുരാ ശബ്ദിച്ചു..... ഉമ്മാ കയറി വന്നു ....മജീദ് മുറ്റത്തേക്കിറങ്ങി, പൂന്തോട്ടത്തിലൂടെ പടിയിറങ്ങി ... ഒന്നു തിരിഞ്ഞുനോക്കി... നിറഞ്ഞ നയനങ്ങളോടെ ചെമ്പരത്തിയിൽ പിടിച്ചുകൊണ്ട് പൂന്തോട്ടത്തിൽ – 'സുഹറാ. പറയാൻ തുടങ്ങിയത് അപ്പോഴും അവളുടെ മനസ്സിലുണ്ടായി രുന്നിരിക്കണം. എന്തായിരുന്നു അന്ന് ഒടുവിലായി സുഹറാ പറയാൻ തുടങ്ങിയത്?'[7]. കുടുംബത്തിനും സഹോദരിമാർക്കും വേണ്ടിയാണ് മജീദ് ജോലി അന്വേഷിച്ചു പോയത് എന്ന് തിരിച്ചറിഞ്ഞപ്പോൾ അതിൽ ആശ്വാസം കൊള്ളാനുള്ള നന്മ അവളിലുണ്ട്. പോകുമ്പോൾ മജീദ് അവളെ ഏൽപ്പിച്ച അവന്റെ കുടുംബത്തെ സഹായിക്കാനും വൃദ്ധരായ സുഖമില്ലാത്ത മാതാ പിതാക്കളെ സംരക്ഷിക്കാനും അവൾ ഒരു മടിയുമില്ലാതെ തയ്യാറാ വുന്നു. തുടർന്ന് വളരെ വൈകാതെ തന്നെ ക്ഷയരോഗ ബാധിതയാ

യി അവൾ ആകസ്മികമായി മരണത്തിന് കീഴടങ്ങി ദുരന്തനായിക യായി മാറുന്നു. വ്യക്തികൾ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങൾ സമൂഹം അവർക്കു കല്പിക്കുന്ന വിലക്കുകൾ അതിനു പുറത്തു കടക്കാനാവാതെ മരണവരയിൽ കുരുങ്ങിയില്ലാതാവുന്ന മനുഷ്യ രുടെ ഒടുങ്ങാത്ത നിലവിളിയാണ് (സുഹറായുടെ നിലവിളി) ബാല്യകാലസഖിയിൽനിന്നും കേൾക്കുന്നത്. കാമനകളെ പുല്കുക യും സഫലമാക്കുവാൻ കഴിയാതെ കാലിടറി വീഴുകയും ചെയ്യുന്ന മജീദിന്റെയും സുഹറായുടെയും ദുഃഖസങ്കീർത്തനങ്ങളായി ദുരന്തായനമായി മാറുന്നു ബാല്യകാലസഖി.

**മനഃശാസ്ത്രാപഗ്രഥനം ബാല്യകാലസഖിയിൽ**

ബഷീറിന്റെ ബാല്യകാലസഖിയെ മനോവിശകലനത്തിന് വിധേയമാക്കുമ്പോൾ ദർശിക്കാൻ കഴിയുന്നത് അതിലെ ജീവിത വൈരുദ്ധ്യവും സാമൂഹിക അനീതികളും ദുരന്താവബോധവുമാണ്. അബോധത്തിന്റെ ആനന്ദാന്വേഷണ പ്രേരണയ്ക്കുമേൽ മാരകമായ നിയന്ത്രണങ്ങളേർപ്പെടുന്ന ബാഹ്യലോകത്തിന്റെ നിയമങ്ങളാണ് ഫ്രോയ്ഡിന് യാഥാർത്ഥ്യതത്വം (Reality Principle). ബാല്യകാല സഖിയിൽ നാടുവിട്ടുപോയ മജീദ് തിരിച്ചെത്തി എന്നറിഞ്ഞ സുഹ്റാ ഭർത്താവിനെ ഉപേക്ഷിച്ച് മജീദിന്റെ അടുത്ത് വന്നു. സുഹറായുടെ മനസ്സറിഞ്ഞ് മജീദ് 'സുഹ്റാ! ഇനി ഭർത്താവിന്റെ വീട്ടിൽ പോകേണ്ട..' മജീദ് ഉമ്മയോടു വിവരം പറഞ്ഞു. വളരെ സമയത്തേക്ക് അവർ മറുപടി ഒന്നും പറഞ്ഞില്ല. എങ്കിലും ഒടുവിൽ ഉമ്മാ അറിയിച്ചു : മജീദ് സുഹ്റായെ വിവാഹം ചെയ്യുന്നതു നല്ലതാണ്. പക്ഷേ, മജീദിന്റെ രണ്ടു സഹോദരികൾ പ്രായമായിരിക്കുന്നില്ലേ?''[8] മജീദിന്റെയും സുഹ്റായുടെയും താല്പര്യങ്ങൾക്കും മേൽ സമൂഹവും കുടുംബവും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ബാഹ്യലോകത്തിലെ യാഥാർത്ഥ്യത്തിന്റെ നിയന്ത്രണങ്ങളും സുഹ്റായെ വിവാഹം കഴിക്കുക എന്ന ആവശ്യങ്ങളും തമ്മിലുള്ള സംഘട്ടനം ഇവിടെ പ്രകടമാകുന്നുണ്ട്. "മജീദിന് രാത്രി ഉറക്കമില്ലെ ന്നായി. ചിന്തയാണ് എപ്പോഴും. സഹോദരികളെ ആർക്കെ ങ്കിലും വിവാഹം ചെയ്തു കൊടുക്കണം... യൗവനത്തിന്റെ തീക്ഷണത യിലാണ് അവർ. ആശയും ആഗ്രഹങ്ങളും ഉണ്ട്.. ഉടുക്കാൻ വസ്ത്രങ്ങളില്ല; ആഹാരത്തിനും... ബലഹീനങ്ങളായ ചില നിമിഷ ങ്ങളുണ്ടല്ലോ! അപഥത്തിലേക്കെങ്ങാൻ ഒരടി വെച്ചു പോയാൽ! മജീദ് അസ്വസ്ഥനായിത്തീർന്നു. എന്തൊക്കെ യോ ചെയ്താൽ കൊള്ളാമെന്നുണ്ട്: വീടിന്റെ കടം തീർക്കണം. സഹോദരികളെ വിവാഹം ചെയ്തു കൊടുക്കണം. മാതാപിതാക്കൾക്കു സന്തോഷ

മുള വാക്കുന്ന സംഗതികൾ ചെയ്യണം . അവർ വൃദ്ധരാണ്. മരണം ഏത് നിമിഷത്തിൽ എന്നറിഞ്ഞില്ല . അവരുടെ ജീവിതം സുഖകരമാക്കിത്തീർക്കണം. സുഹ്റായെ വിവാഹം ചെയ്യണം. പിന്നെ അവളുടെ സഹോദരിമാരുണ്ട്. മാതാവുണ്ട്. അവർക്കും എന്തെങ്കിലും ചെയ്യണം. പക്ഷേ, എന്താണ് ചെയ്യുക? എല്ലാറ്റിനും പണം വേണം."[9] ബാഹ്യ യാഥാർത്ഥ്യ ത്തിന്റെ സാംസ്കാരികനിയന്ത്രണങ്ങളും ആനന്ദത്തിന്റെ ആവശ്യങ്ങളും തമ്മിൽ ഒരു സമനില സൃഷ്ടിക്കുക എന്നത് ഈഗോയുടെയും സമസ്യയാണ്. ബാഹ്യയാഥാർത്ഥ്യങ്ങൾക്കായി അബോധത്തിന്റെ ആഹ്ലാദങ്ങളെ ആഗ്രഹങ്ങളെ മജീദിന് കീഴടക്കേണ്ടിവരുന്നു. കാമനകളെ കയറൂരി വിടാതെ നിയന്ത്രിച്ചു നിർത്തുന്നതിൽ ഈഗോയ്ക്ക് വലിയ പങ്കുണ്ട്. കൗമാരകാലഘട്ടത്തിൽ മജീദിന്റെ വലതുകാലിൽ വിഷക്കല്ല് കാച്ചി ദേഹമാകെ വേദനയുമായി കിടക്കുന്ന സമയത്ത് മജീദിന്റെയും സുഹ്റയുടെയും മനസിന്റെ അബോധ തലത്തിലെ വികാരത്തെ വെളിവാക്കുന്നണ്ട് ബഷീർ – 'ജീവിതാരംഭത്തോടെ ഉള്ളതെങ്കിലും അന്ന് ആദ്യമായി ഉണർന്ന വികാരങ്ങളോടെ അവർ അന്യോന്യം ഒട്ടിച്ചേർന്നു....ആയിരമായിരം ചുംബനങ്ങൾ അർപ്പിച്ചു. കണ്ണുകൾ, നെറ്റി, കവിൾത്തടങ്ങൾ, കഴുത്ത്, നെഞ്ച്....ആകെ വിറച്ചു. സുഖകരമായ ഒരു ആലസ്യവും, പുതുതായ ഒരു ആശ്വാസവും. എന്തോ സംഭവിച്ചു!എന്താണത്? 'കുരു പൊട്ടി!' മന്ദഹാസത്തോടെ, ദിവ്യമായ സംഗീതം പോലെ സുഹറ മന്ത്രിച്ചു.'[10] മനുഷ്യ മനസ്സിന്റെ സമനിലയെന്ന് പറയുന്നത് കാമനാനിയന്ത്രണം തന്നെയെന്ന് പറയാം. യഥാർത്ഥജീവിതത്തിൽ ചിഹ്നങ്ങളോ പ്രതീകങ്ങളോ ആയിട്ടാണ് ജീവിതകാമനയെ നിലനിർത്തുന്നത്. കാമനയെ പൂർണ്ണമായി അടിച്ചമർത്തിയാൽ ജീവിതത്തിൽനിന്നും അന്യവല്ക്കരിക്കപ്പെടും. ഫ്രോയ്ഡിയൻ വീക്ഷണം അനുസരിച്ച് നാം അപ്രധാനമെന്നു തള്ളിക്കളയുന്ന പ്രതീകങ്ങൾ, വസ്തുക്കൾ, സംഭവങ്ങൾ എന്നിവ വിലക്ക് ലംഘിച്ച് കടന്നുവരുന്നു. സാന്ദ്രീകരണം, ആദേശം എന്നീ പ്രവർത്തനത്തിലൂടെയാണ് ഇത് സംഭവിക്കുന്നത്. ബാല്യകാലസഖിയിലെ കഥാപാത്രങ്ങളായ മജീദിന്റെയും സുഹറയുടെയും കാമന (Desire) എന്നത് ജീവിതത്തിന്റെ ഗതികളെ ആഴത്തിൽ സ്വാധീനിക്കുന്ന ഒന്നായിട്ടാണ് കണ്ടെത്തുന്നത്. ഇത് വ്യക്തിയും സമൂഹവും തമ്മിലുള്ള അന്ത:സംഘർഷത്തിൽ നിന്നുമുടലെടുക്കുന്നതാണ്. വ്യക്തിയുടെ സ്വാഭാവികമായ വളർച്ചകളെ വാസനകളെ സമൂഹം എതിരിടുകയും, സമൂഹം ഉദ്ദേശിച്ചതു പോലെയാക്കുകയും ചെയ്യുന്നു. മജീദിന്റെയും സുഹറയുടെയും കുട്ടിക്കാലത്തെ ഏറ്റവും

വലിയ സ്വപ്നം ഭാവിയിലെ രാജകുമാരനും രാജകുമാരിയുമാകുക എന്നതായിരുന്നു. അവർ അവരുടെ വലിയ മോഹം സാക്ഷാത്കരിക്കാൻ പ്രയത്നിച്ചുകൊണ്ടിരുന്നു. എന്നാൽ മജീദിന്റെ അപ്രതീക്ഷിതമായ നാടുവിടൽ അവരുടെ ജീവിതത്തെ മാറ്റിമറിക്കുകയുണ്ടായി. നോവലിന്റെ ആരംഭത്തിലുള്ള സ്വപ്നം ഏറ്റവും നിർണായകമായിരുന്നു. എന്നാലതു നടക്കാതെ പോകുന്ന ഒന്നായി മാറുന്നു എന്നതാണ്, ദുരന്തം. മജീദിന്റെയും സുഹറയുടെയും ആ സ്വപ്നം, അവരുടെ തന്നെ സഫലീകരിക്കാത്ത അടിച്ചമർത്തപ്പെട്ട വികാരവും ആഗ്രഹവും പ്രണയവുമായി മാറുന്നു.കാമനകൾ സഫലമാകാതെ വരുമ്പോൾ മനുഷ്യർ ദുരന്തജീവിയായി മാറുന്നു. സമൂഹം രൂപപ്പെടുത്തുന്ന കള്ളികളിൽ വീണു പോകുന്ന വ്യക്തികൾ തിരിച്ചു കയറാനാവാതെ ദുരന്തം വരിക്കുന്നു. നോവലിന്റെ അവസാനഭാഗത്ത് മജീദിന് ഉമ്മയിൽനിന്നും ലഭിക്കുന്ന കത്ത് ഇതിന് മികച്ച ദൃഷ്ടാന്തമാണ്. "അതു വായിച്ചപ്പോൾ നഗരത്തിന്റെ ഇരമ്പൽ പെട്ടെന്ന് നിലച്ചു പോയതുപോലെ. നിശബ്ദത.

'പ്രിയപ്പെട്ട മകൻ മജിദ് വായിച്ചറിയാൻ സ്വന്തം ഉമ്മാ എഴുതുന്നത്: 'മിനിയാന്നു വെളുപ്പിനു നമ്മുടെ സുഹറാ മരിച്ചു. അവളുടെ വീട്ടിൽ ക്കിടന്ന്; എന്റെ മടിയിൽ തലവെച്ച് .പള്ളിപ്പറമ്പിൽ അവളുടെ ബാപ്പായുടെ ഖബറിനരികിലാണ് സുഹ്റായെ മറവ് ചെയ്തിരിയ്ക്കുന്നത്.

'മകനെ, കഴിഞ്ഞമാസം മുപ്പതാം തീയതി നമ്മുടെ വീടും പുരയിടവും കടക്കാർ നടത്തിച്ചെടുത്തു. ഉടനെ ഇറങ്ങി മാറി കൊടുക്കണമെന്നാണ് ഇവർ പറയുന്നത് .ഈ പെൺപിള്ളേരെ രണ്ടിനെയും സുഖക്കേടായിക്കിടക്കുന്ന ബാപ്പായേയും കൊണ്ടു ഞാൻ എവിടെപ്പോകും?'

'മകനേ, ഞാൻ ഉറങ്ങീട്ട് വളരെ നാളായി .നിന്റെ പെങ്ങന്മാരുടെ പ്രായക്കാരൊക്കെ മൂന്നും നാലും പെറ്റു. എന്തെങ്കിലും പോക്കണങ്കേടു വന്നുപോയാൽ- മകനേ, ഇവിടെയുള്ള മുസ്ലീങ്ങൾ കണ്ണിൽച്ചോരയില്ലാത്തവരാണ് . ഞാനും ബാപ്പായും സാദ്ധ്യപ്പെട്ടു പറഞ്ഞിട്ടും ഉടനെ ഇറങ്ങി മാറാനാണ് പറയുന്നത്"[11]. വ്യക്തിയുടെ സ്വപ്നങ്ങൾ, സമൂഹം അതിനുനേരെ ഉയർത്തുന്ന വെല്ലുവിളികൾ, അവരെ ദുരന്ത ബോധത്തിലേക്ക് കൊണ്ടുപോകുന്നു. ഇങ്ങനെ കാമനയുടെ സഫലമാകാത്ത അവസ്ഥയാണ് ദുരന്തബോധത്തിന് കാരണമാകുന്നത് എന്ന നേർചിത്രമാണ് ബാല്യകാലസഖിയെ വേറിട്ട് നിർത്തുന്നത്. വ്യക്തിമനസ്സിലെ ബോധ

തലത്തിന്റെയും അബോധതലത്തിന്റെയും സങ്കീർണ്ണതകൾ വെളിപ്പെടുന്ന നോവൽ കൂടിയാണ് ബാല്യകാലസഖി .

സാധാരണമെന്നു തോന്നുന്ന പ്രമേയങ്ങളെ അസാധാരണമായി അവതരിപ്പിക്കുകയും മനസ്സിന്റെ ബോധത്തെയും അബോധത്തെയും ജീവിതത്തിന്റെ വൈരുദ്ധ്യത്തെയും അത് രൂപപ്പെടുത്തുന്ന ദുരന്തത്തെയും മിഴിവോടെ അവതരിപ്പിച്ചിരിക്കുന്ന നോവലാണ് ബാല്യകാലസഖി. സാധാരണക്കാരായ മനുഷ്യരുടെ കഥ പറയുകയും അവരുടെ പരിമിതമായ ലോകം കൊണ്ട് അസാധാരണമായ ജീവിതസന്ദർഭങ്ങളെ ബഷീർ തുറന്നാവിഷ്കരിക്കുന്നത് മലയാള നവോത്ഥാനകാലചരിത്രത്തിൽ അനന്യമാണ്. നവോത്ഥാന കേരളീയ ജീവിതത്തെയും മുസ്ലിം ജീവിതത്തെയും മനോവിശകലനത്തിന് വിധേയമാക്കി രചിച്ച നോവലാണിത്. ദുരന്തത്തിന്റെ എല്ലാ ഘടകങ്ങളും ഒത്തിണങ്ങിയ ബാല്യകാലസഖിയിൽ മജീദും സുഹറയും പടിപടിയായി ദുരന്തത്തിലേക്ക് നീങ്ങുന്ന നിസ്സഹായവസ്ഥ നോവലിനെ മികവുറ്റതാക്കി മാറ്റുന്നു. നന്മയുടെയും സ്നേഹത്തിന്റെയും തിരിച്ചറിവിന്റെയും വഴികളിലേക്കുള്ള യാത്രയാണ് ഇതിന്റെ അവസാനം. സ്ഥിരമായി ജീവിതത്തിൽ നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്ന സംഭവങ്ങളും വികാരങ്ങളും എല്ലാവരും വിട്ടുകളയുന്നു. എന്നാൽ ബാല്യകാലസഖിയിൽ ഹൃദയത്തെ ആഴത്തിൽ ഉലയ്ക്കുന്ന അതിലോലമായ നൊമ്പരങ്ങളും മനസ്സിന്റെ കൊച്ചുകൊച്ചു സന്തോഷങ്ങളും അങ്ങനെ വിട്ടുകളയേണ്ടതല്ലെന്ന് ബഷീർ കാട്ടിത്തരുന്നു. ഏറെ പ്രസക്തവും, ചെറിയ വാക്കുകളും നോട്ടങ്ങളും കൊണ്ട് മുറിവേൽപ്പിക്കാനും മുറിവുണക്കാനും കഴിയുമെന്ന് കാട്ടിത്തരുന്ന മുഹൂർത്തങ്ങൾ ഈ നോവലിൽ ഒരുപാടുണ്ട്.

സഫലമാകാത്ത കാമനകളാൽ പരാജയമേറ്റുവാങ്ങുന്ന കഥാപാത്രങ്ങളാണ് ബാല്യകാലസഖി യിലെ കഥാപാത്രങ്ങൾ എന്ന് വിലയിരുത്തുമ്പോഴും ആത്യന്തികമായി നന്മയുടെയും മഹത്വത്തിന്റെയും മാനുഷികതയുടെയും വൈവിധ്യങ്ങളാൽ ആസ്വാദകഹൃദയ ത്തിലുറച്ചു പോയവരാണ് മജീദും സുഹറയും. അവരുടെ പരാജയം, യഥാർത്ഥത്തിൽ വിജയം തന്നെയാണ്.

**കുറിപ്പുകൾ:**


1. Peter Gay, *The Freuds Reader*, London,Vintage books,1995, P 13
2. Dylan Evans, *An introductory Dictionary of Lacanian psychoanalysis*, NewYork, Routeldge 1996, p. 39.
3. രാജകൃഷ്ണൻ വി, *ആളൊഴിഞ്ഞ അരങ്ങ്,* തൃശൂർ ,ഗ്രീൻ ബുക്സ്, 2004, പു.9
4. Henk de berg, *Freud's Theory and its use in Literary and Cultural Studies an*

*introduction*, New York, Camben house,2003,P.73
5. വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സിബുക്സ്, കോട്ടയം,2001 പു.128
6. വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സിബുക്സ്, കോട്ടയം,2001 പു.130
7. വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സിബുക്സ്, കോട്ടയം,2001 പു.177
8. വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സിബുക്സ്, കോട്ടയം, 2001 പു.165
9. വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സിബുക്സ്, കോട്ടയം, 2001 പു.166
10. വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സിബുക്സ്, കോട്ടയം, 2001 പു.149-150
11. വൈക്കം മുഹമ്മദ് ബഷീർ, *ബാല്യകാലസഖി*, ബഷീർ സമ്പൂർണ്ണ കൃതികൾ, ഡി.സിബുക്സ്, കോട്ടയം, 2001 പു.176

## ഗ്രന്ഥസൂചി


വൈക്കം മുഹമ്മദ് ബഷീർ, (2001), *ബാല്യകാലസഖി, ബഷീർ സമ്പൂർണ്ണ കൃതികൾ,* കോട്ടയം: ഡി.സിബുക്സ്.

മുരളീധരൻ നെല്ലിക്കൽ, (1997), *വിശ്വസാഹിത്യദർശനങ്ങൾ*, കോട്ടയം: ഡി.സി ബുക്സ്.

ഭരതമുനി, (1997), *നാട്യശാസ്ത്രം.* (കെ പി നാരായണ പിഷാരടി, വിവ), തൃശൂർ: കേരള സാഹിത്യ അക്കാദമി.

നായർ. എം.കെ, (1996), *സാഹിത്യ സംജ്ഞ കോശം*, കോട്ടയം: ഡി സി ബുക്സ്.

രാകേഷ് നാഥ്, (2012), *സിഗ്മണ്ട് ഫ്രോയിഡ്: ജീവിതം, ദർശനം, സംഭാഷണം* (പരിഭാഷ) കോഴിക്കോട്: ഒലിവ് ബുക്സ്.

മുഹമ്മദാലി എൻ.എം, (2011) *ഫ്രോയിഡിന്റെ ജീവിതകഥ*, കോട്ടയം: കറണ്ട് ബുക്സ്.

Peter Gay, (1995), *The Freuds Reader*, London: Vintage Books.

Henk de berg, (2003), *Freud's Theory and its use in Literary and Cultural Studies an introduction*, New York: Camben House.

Dylan Evans, (1996) *An introductory Dictionary of Lacanian psychoanalysis*, Routeldge: NewYork.



**ഡോ. ദീപ എസ്.എസ്**

അസിസ്റ്റന്റ് പ്രൊഫസർ

മലയാള വിഭാഗം

ഗവൺമെന്റ് കോളേജ് നെടുമങ്ങാട്

തിരുവനന്തപുരം, കേരള

Pin: 695541

Ph: +91 9495300344

Email: deepasouparnika@gmail.com

ORCID: 0009-0008-8719-8529